**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 677** **30-01-2024 - ൽ മറുപടിയ്ക്ക്**

**കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് തുക അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൈത്തറി സഹകരണ സംഘത്തിൽ പെയ്ഡ് സെക്രട്ടറി നിലവിൽ ഉണ്ടെങ്കിൽ മാത്രമേ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാകു എന്നിരിക്കെ കുളത്തുപ്പുഴയിലെ വില്ലുമല കോളനിയിൽ ആരംഭിച്ച പട്ടികവർഗ്ഗ നെയ്ത്തുശാല/പരിശീലന കേന്ദ്രത്തിൽ ഭരണ സമിതി നിലവിലില്ല എന്ന വിഷയത്തിൽ എന്ത് അടിയന്തിര നടപടി സ്വീകരിയ്ക്കാനാകും എന്ന് വിശദമാക്കാമോ; | (എ) | കുളത്തുപ്പുഴയിലെ വില്ലുമല കോളനിയിൽ ആരംഭിച്ച പട്ടികവർഗ്ഗ നെയ്ത്തുശാല/പരിശീലന കേന്ദ്രത്തിൽ 03.01.2024 ൽ പുതിയ ഭരണസമിതി നിലവിൽ വന്നിട്ടുണ്ട്. |
| (ബി) | കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് 18,75,000/- രൂപയുടെ പദ്ധതിക്ക് 2021-2022 സാമ്പത്തിക വർഷം എസ്.സി-എസ്.ടി. വികസന സമിതി അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം ഈ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്ന കാര്യം പരിഗണിക്കാമോ; | (ബി) | കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന് പെയ്ഡ് സെക്രട്ടറി നിലവിലില്ല. സംഘത്തിന്റെ പുനരുജ്ജീവന പദ്ധതിയ്ക്കായുള്ള പദ്ധതിരേഖ അംഗീകരിക്കുന്നതിനും ഗ്രാന്റ് ലഭിക്കുന്നതിനും പെയ്ഡ് സെക്രട്ടറി നിയമനം ഒരു മാനദണ്ഡമാണ്. പ്രസ്തുത നിയമനം നടത്തിയതിനുശേഷം 18,75,000/- രൂപയുടെ പദ്ധതിരേഖ പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയ്ക്ക് സമർപ്പിച്ച് സംഘം പുനരുജ്ജീവി പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത സംഘം പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി വിശദമായ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കുളത്തുപ്പുഴ പട്ടികവർഗ്ഗ കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന് പെയ്ഡ് സെക്രട്ടറി നിലവിലില്ല. സംഘത്തിന്റെ പുനരുജ്ജീവന പദ്ധതിയ്ക്കായുള്ള പദ്ധതിരേഖ അംഗീകരിക്കുന്നതിനും ഗ്രാന്റ് ലഭിക്കുന്നതിനും പെയ്ഡ് സെക്രട്ടറി നിയമനം ഒരു മാനദണ്ഡമാണ്. പ്രസ്തുത നിയമനം നടത്തിയതിനുശേഷം 18,75,000/- രൂപയുടെ പദ്ധതിരേഖ പട്ടികജാതി പട്ടികവർഗ്ഗ വികസന സമിതിയ്ക്ക് സമർപ്പിച്ച് സംഘം പുനരുജ്ജീവി പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ